"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.ബിജിത്ര.ബി.എം, ശശികോട്ടേജ്, പച്ച, നന്ദിയോട് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.410/2025/ID തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 31.07.2024 തീയതിയിലെ DOTHI-DMG/1270/2024-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീമതി.ബിജിത്ര.ബി.എം, ശശികോട്ടേജ്, പച്ച, നന്ദിയോട് 05.08.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 25.04.2025 തീയതിയിലെ DOTHI-DMG/1494/2024-E നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ കുറുപുഴ വില്ലേജിൽ ബ്ലോക്ക് നം. 14 റീസർവ്വേ നമ്പർ 46/1 ൽ പെട്ട സ്ഥലത്ത് നിന്നും 2906 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീമതി.ബിജിത്ര.ബി.എം, ശശികോട്ടേജ്, പച്ച, പാലുവള്ളി.പി.ഒ, നന്ദിയോട്, കറുപുഴ, തിരുവനന്തപുരം എന്ന വ്യക്തിക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി നൽകിയിരുന്നു. അനുമതി നൽകിയ വസ്തുവിൽ മൈനിംഗ് & ജിയോളജി വകുപ്പ് സർവ്വേയർ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയതിൽ അനുമതി നൽകിയ അളവിന് ഉപരിയായി 1636.24 മെട്രിക് ടൺ നീക്കം ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് അനധികൃതമായി നീക്കം ചെയ്ത മണ്ണിന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം പെനാൽറ്റി ഇനത്തിൽ (1636.24MTx100) 1,63,624/- രൂപ ഒടുക്കുവരുത്തുന്നതിനാവശ്യപ്പെട്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 31.07.2024 ൽ നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.ബിജിത്ര പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ പെറ്റിഷനുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 28/01/2025 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. തന്റെ പിതാവ് 2002-ൽ പരാതിക്കാസ്പദമായ സ്ഥലത്ത് നിന്നും അനുമതി ലഭ്യമാക്കി മണ്ണ് നീക്കം ചെയ്തിട്ടുണ്ടെന്നും അതും കൂടി അനധികൃത ഖനനമായി കണക്കിലെടുത്താണ് ഇപ്പോൾ നോട്ടീസ് നൽകിയിരിക്കുന്നതെന്നും, കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് നൽകിയ

പെർമിറ്റ് പ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകിയ അത്രയും അളവ് മണ്ണ് നീക്കം ചെയ്തിട്ടില്ലെന്നും, മണ്ണ് നീക്കം ചെയ്യുന്നതിന് നല്കിയ പാസിന്റെ ബാക്കി കൈവശം ഇരിപ്പുണ്ടെന്നും, തനിക്ക് ബ്രെയിൻ ട്യൂമറുമായി ബന്ധപ്പെട്ട് അടിയന്തരമായി നടത്തേണ്ട ശസ്ത്രക്രിയ നടത്തുവാൻ തന്നെ സാമ്പത്തിക ശേഷി ഇല്ലാതെ ബുദ്ധിമുട്ടുകയാണെന്നും ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ബോധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ അപ്പീൽ കക്ഷിയുടെ കൈവശമുള്ള രേഖകൾ കൂടി പരിശോധിച്ച് പഞ്ചായത്ത് ഉദ്യോഗസ്ഥർക്കൊപ്പം പരാതിക്കാസ്പദമായ സ്ഥലം അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ ഒരിക്കൽ കൂടി പരിശോധിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുവാൻ ജില്ലാ ജിയോളജിസ്റ്റിനോട് നിർദ്ദേശിച്ചിരുന്നു.

4. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജിയോളജിസ്റ്റ് പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നന്ദിയോട് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സുജ.ടി.ആർ, ഓവർസിയർ ശ്രീമതി സിന്ധു.എൻ എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാ ഓഫീസിൽ നിന്നും ജില്ലാ ജിയോളജിസ്റ്റും അസിസ്റ്റന്റ് ജിയോളജിസ്റ്റായ ശ്രീ ഉണ്ണികൃഷ്ണനും സംയുക്തമായി 20/02/2025 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിലും സമീപവാസികളോട് നടത്തിയ അന്വേഷണത്തിലും പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിലും 16/119 വീട് നമ്പറായി 40 മീറ്റർ സ്ക്വയർ വിസ്തീർണ്ണമുള്ള ഒരു നില വീടും ചുറ്റുമതിലും നിന്നിരുന്ന വസ്തുവിൽ നിന്നാണ് ശ്രീമതി. ബിജിത്ര മണ്ണ് നീക്കം ചെയ്തത് എന്ന് കണ്ടെത്തി. എന്നാൽ 2002 ൽ അനുമതി ലഭ്യമാക്കി മണ്ണ് നീക്കം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുവാൻ ശ്രീമതി.ബിജിത്രക്ക് കഴിഞ്ഞില്ല. മാത്രമല്ല ഉപഗ്രഹചിത്രങ്ങൾ പരിശോധിച്ചതിലും 2002 കാലഘട്ടത്തിൽ മണ്ണ് നീക്കം ചെയ്തതായി കാണാൻ കഴിഞ്ഞില്ല.

ഈ സാഹചര്യത്തിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയപ്പോൾ ടി സ്ഥലത്ത് ഉണ്ടായിരുന്ന വീടിന്റെയും ചുറ്റുമതിലിന്റെയും അടിത്തറയുടെ അളവ് കുറവ് ചെയ്തിട്ടില്ല എന്നുള്ളത് പരിഗണിച്ച് ടി സ്ഥലത്തു നിന്നും അധികമായി നീക്കം ചെയ്ത 1636.24 മെട്രിക് ടൺ മണ്ണിൽ നിന്നും 240 മെട്രിക് ടൺ കുറവ് ചെയ്തു 1396.24 മെട്രിക് ടൺ സാധാരണ മണ്ണ് അനധികൃതമായി നീക്കം ചെയ്തതിനു ചട്ട പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് കാണുന്നു.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും, തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ജിയോളജിസ്റ്റ് 25/04/2025-ൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നീക്കം ചെയ്തു എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള 1396.24 മെട്രിക് ടൺ സാധാരണ മണ്ണിന് ചട്ടപ്രകാരമുള്ള പെനാൽറ്റി ഈടാക്കുന്നതു സംബന്ധിച്ച പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി നടപടിക്രമങ്ങൾ പാലിച്ച് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.ബിജിത്ര.ബി.എം, ശശികോട്ടേജ്, പച്ച, പാലുവള്ളി.പി.ഒ, നന്ദിയോട്, കുറുപുഴ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

& അപ്പീൽ അധികാരി

ശ്രീമതി.ബിജിത്ര.ബി.എം, ശശികോട്ടേജ്, പച്ച, പാലുവള്ളി.പി.ഒ, നന്ദിയോട്, കുറുപുഴ, തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 11-04-2025 13:03:25

സെക്ഷൻ ഓഫീസർ